# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 266** — **04/06/2018-ൽ മറുപടിയ്ക്ക്**

### മഴക്കാലത്തെ പകർച്ചവ്യാധി നിയന്ത്രണം

**ചോദ്യം**

**ശ്രീ.എ. പ്രദീപ്കുമാർ**

കോഴിക്കോട് ജില്ലയിൽ വരുന്ന മഴക്കാലത്ത് പകർച്ച വ്യാധികൾ നിയന്ത്രണ വിധേയമാക്കുന്നതിന് ആരോഗ്യ വകുപ്പ് എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ?

**മറുപടി**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി)

പല പകർച്ചവ്യാധികളും മഴക്കാലത്തു മാത്രമല്ല വർഷം മുഴുവൻ ഏറിയും കുറഞ്ഞും റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ 'ആരോഗ്യ ജാഗ്രത' എന്ന പേരിൽ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മ പരിപാടിയാണ് ആരോഗ്യവകുപ്പ് ഓരോ ജില്ലയിലും നടപ്പിലാക്കി വരുന്നത്. പ്രാദേശികാടിസ്ഥാനത്തിലുള്ള മാറ്റങ്ങളോടെ ഈ പരിപാടി കോഴിക്കോട് ജില്ലയിലും നടപ്പിലാക്കി വരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ഇതര വകുപ്പുകളുടെയും സഹകരണത്തോടെയും ജന-പങ്കാളിത്തത്തോടെയും ആണ് പ്രവർത്തനങ്ങൾ നടത്തുന്നത്. മാലിന്യനിർമ്മാർജ്ജനം, ശുദ്ധമായ കുടിവെള്ള ലഭ്യത ഉറപ്പാക്കൽ, കൊതുകിന്റെ ഉറവിടനശീകരണം, രോഗനിരീക്ഷണം, ചികിത്സ, കൊതുകുനിരീക്ഷണം, കൊതുക് നിയന്ത്രണം, ഹെൽത്തി കേരള പരിശോധന, രോഗപ്രതിരോധ ബോധവത്കരണ ക്യാമ്പെയിനുകൾ, ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യപരിരക്ഷ തുടങ്ങിയ കാര്യങ്ങളാണ് പ്രധാനമായും നടപ്പിലാക്കുന്നത്. കോഴിക്കോട് ജില്ലയിൽ ഉണ്ടായ തദ്ദേശീയ മലമ്പനി, നിപാ വൈറസ് ബാധ എന്നിവ നിയന്ത്രിക്കാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ